

മാനന്തവാടി
ബ്ലോക്ക് പഞ്ചായത്ത്

2023–2024 സാമ്പത്തിക
വർഷത്തെ ബഡ്ജറ്റ്



ആമുഖം

മാന്യരെ,

അഭിമാനകരമായ ജനകീയാസൂത്രണ പ്രസ്ഥാനം കാൽനൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു. 14-ാം പഞ്ചവത്സരപദ്ധതിയുടെ രണ്ടാം വാർഷിക പദ്ധതി (2023-24) രൂപീകരണ ഘട്ടത്തിലാണ് നാം. നവീനമായ കാഴ്ചപ്പാടും നയസമീപനങ്ങളും മുന്നോട്ട് വെയ്ക്കുന്ന മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അധികാരത്തിൽ വന്നതിന് ശേഷം രൂപീകരിച്ച രണ്ടാമത്തെ വാർഷിക പദ്ധതി പൂർത്തീകരണത്തിലേക്ക് എത്തുന്നു. 2021-22, 2022-23 വാർഷിക പദ്ധതികളിൽ വിഭാവനം ചെയ്തതിലും അപ്പുറം ഒരു ജനകീയ വികസന ബദൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കി ജനമനസ്സുകളിൽ ഇടം നേടാൻ കുറഞ്ഞകാലം കൊണ്ട് ഞങ്ങൾക്ക് സാധിച്ചുവെന്നതിൽ അഭിമാനമുണ്ട്.

ഭരണസമിതിയുടെ ഒന്നും രണ്ടും വാർഷികങ്ങളിൽ ഒരോ പ്രോഗ്രസ്സ് റിപ്പോർട്ട് ഞങ്ങൾ ജനസമക്ഷം അവതരിപ്പിച്ചിരുന്നു. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും ചെയ്ത കാര്യങ്ങളെ സംബന്ധിച്ച് ആ റിപ്പോർട്ടുകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

2023-24 വാർഷികപദ്ധതിയുടെ വർക്കിംഗ് ഗ്രൂപ്പ്, ബ്ലോക്ക് ഗ്രാമസഭ, വികസന സെമിനാർ എന്നിവ പൂർത്തീകരിച്ചു. 2023 ഫെബ്രുവരിയിൽ കേരള ധനകാര്യമന്ത്രി ശ്രീ.കെ.എൻ.ബാലഗോപാൽ അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്. ജി.പി.ജി, കേന്ദ്രാവിഷ്കൃത പദ്ധതികൾ, മറ്റിതര വരുമാനങ്ങൾ എന്നിവ ഉൾക്കൊളളിച്ചുളള ബഡ്ജറ്റാണ് അവതരിപ്പിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന തിരുനെല്ലി, വെള്ളമുണ്ട, തൊണ്ടർനാട്, എടവക, തവിഞ്ഞാൽ എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ജനങ്ങളുടെ ക്ഷേമവും നാടിന്റെ വികസനവും ഗോത്രജനതയുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും ഉന്നമനവും ലക്ഷ്യമിട്ട പദ്ധതികളാണ് മുന്നോട്ടുവെക്കുന്നത്.

വിശദമായ ബഡ്ജറ്റ് അവതരണം വൈസ് പ്രസിഡന്റും, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണുമായ ശ്രീമതി എ.കെ.ജയഭാരതി ബഡ്ജറ്റ് പ്രസംഗത്തിൽ വിശദമാക്കും എന്നതിനാൽ ആമുഖം ചുരുക്കുന്നു.

സ്നേഹപൂർവ്വം

അഭിവാദനങ്ങളോടെ,

ജസ്റ്റിൻ ബേബി

പ്രസിഡന്റ്, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി



എ.കെ. ജയഭാരതി
ബ്ലോക്ക് പ്രസിഡന്റ്



കെ.വി.വിജോൾ
ചെയർമാൻ
വികസനകാര്യം



ജോയ്സി ഷാജു
ചെയർപേഴ്സൺ
ക്ഷേമകാര്യം



പി.കല്യാണി
ചെയർപേഴ്സൺ
ആരോഗ്യം – വിദ്യാഭ്യാസം



സൽമ മോയിൽ
മെമ്പർ
പേര്യ ഡിവിഷൻ



അബ്ദുൾ അസീസ്
മെമ്പർ
തലപ്പുഴ ഡിവിഷൻ




വിമല ബി.എം.
മെമ്പർ
കാട്ടിക്കുളം ഡിവിഷൻ



ഇന്ദിര പ്രേമചന്ദ്രൻ
മെമ്പർ
തോണിച്ചാൽ ഡിവിഷൻ



അമീൻ പി.കെ.
മെമ്പർ
തരുവണ ഡിവിഷൻ



ബാലൻ
മെമ്പർ
കട്ടയാട് ഡിവിഷൻ




പി.ചന്ദ്രൻ
മെമ്പർ
തേറ്റമല ഡിവിഷൻ



രമ്യ താരേഷ്
മെമ്പർ
തൊർയാട് ഡിവിഷൻ

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ

(ബ്ലോക്ക് പഞ്ചായത്ത് എക്സ് ഒഫിഷ്യോ അംഗങ്ങൾ)



പി.വി. ബാലകൃഷ്ണൻ
തിരുനെല്ലി ഗ്രാമപഞ്ചായത്ത്



എച്ച്.ബി. പ്രദീപ് മാസ്റ്റർ
എടവക ഗ്രാമപഞ്ചായത്ത്



എൽസി ജോയി
തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്



സുധി രാധാകൃഷ്ണൻ
വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്



അംബിക ഷാജി
തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്



എം.കെ. ജയൻ
സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്
ബഡ് ജറ്റ് 2023-2024

2020-ൽ അധികാരമേറ്റെടുത്ത മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ മൂന്നാം സാമ്പത്തിക വർഷത്തെ 'ബഡ് ജറ്റ് അവതരണ വേളയിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നാം ഏറ്റവും കൂടുതൽ മുൻഗണന കൊടുത്തത് ആരോഗ്യ മേഖല ഭവന നിർമ്മാണം, ഉൽപ്പാദന മേഖല എന്നിവയ്ക്കായിരുന്നു.

മൂളിത്തോട് ടൌണിൽ ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ 60 സെൻറ് സ്ഥലത്ത് നിർമ്മിക്കുന്ന ബഡ്സ് റീഹാബിലിറ്റേഷൻ തെറാപ്പി സെൻറർ കെട്ടിട നിർമ്മാണം ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധേയമായ ഒരു പദ്ധതിയാണ്.

വന്യമൃഗ ശല്ല്യം ഏറ്റവും കൂടുതൽ രൂക്ഷമായ പ്രദേശങ്ങളിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുനായി സഹകരിച്ചുകൊണ്ട് വന്യമൃഗ ശല്ല്യത്തിന് ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി ഹാങ്ങിംങ്ങ് ഫെൻസിംങ്ങ് പ്രവർത്തികൾക്ക് തുകവകയിരുത്തിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന കനിവ് സഞ്ചരിക്കുന്ന ആതുരാലയം പദ്ധതി പ്രകാരം 3500 ഗുണഭോക്താക്കളിലേയ്ക്ക് സേവനം എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട് . അതിന്റെ അടിസ്ഥാനത്തിൽ 2022 ൽ സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന് മികച്ച വയേസേവ അവാർഡ് ലഭിച്ചു.

കൂടാതെ കനിവ് സഞ്ചരിക്കുന്ന ആതുരാലയം, സഞ്ചരിക്കുന്ന മൃഗാശുപത്രി, പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതിയിൽപെട്ടവർക്ക് യഥാസമയം ഭവന നിർമ്മാണ സഹായം അനുവദിക്കൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാവാഹിനി പദ്ധതിയിലുൾപ്പെടുത്തി 1200 പട്ടിക വർഗ്ഗ കുട്ടികൾക്ക് പഠന സൗകര്യം എന്നിവയൊക്കെ ശ്രദ്ധേയമായ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

ശുചിത്വമുള്ള പൊതു ഇടങ്ങൾ സാധ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ധാരാളം ആളുകൾ ദിവസേന എത്തുന്ന ചെറു പട്ടണങ്ങളിൽ സ്ഥലം ലഭ്യമാക്കി പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്ന പദ്ധതിക്കും തുടക്കം കുറിക്കാൻ സാധിച്ചു. വനിതാ ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച സ്നേഹതീരം പദ്ധതിയിലുൾപ്പെടുത്തി 40 ലക്ഷം വകയിരുത്തി നിർമ്മാണ പ്രവർത്തി പദ്ധതികൾ അന്തിമ ഘട്ടത്തിലാണ്. ഷീ ലോഡ്ജിന്റെ ഉദ്ഘാടനം 2023 ഏപ്രിൽ മദ്ധ്യത്തോടുകൂടി നടത്താൻ കഴിയും . കൂടാതെ വനിതാ ഫിറ്റ്നസ് സെന്ററിന് വേണ്ടി 30 ലക്ഷം രൂപ വകയിരുത്തുന്നു.

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ തൊഴിലും വരുമാനവും ഉയർത്തുന്നതിന് ഊന്നൽ നൽകിയാണ് 2023-2024 വർഷത്തെ ബഡ് ജറ്റ് ലക്ഷ്യമിടുന്നത്

അസാപ്പിന്റെ സഹകരണത്തോടെ വ്യത്യസ്ത തൊഴിലുകളിൽ പ്രാവീണ്യം നേടാൻ യുവതിയുവാക്കൾക്ക് വിദഗ്ധ പരിശീലനം നൽകി സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടാൻ ഒരു കൈത്താങ്ങായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തിക്കും

അലോപ്പതി വിഭാഗത്തിലെ ചികിത്സാ സൗകര്യങ്ങളുമായി ജനങ്ങളുടെയടുത്തെത്തിയ കനിവ് പദ്ധതി കൂടുതൽ മെച്ചപ്പെടുത്തി അടുത്ത സാമ്പത്തിക വർഷത്തിലും തുടരും.
ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 6 കോടി രൂപ വായ്പ്പ എടുത്ത് ടൌണിന്റെ ഹൃദയ ഭാഗത്ത് ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലത്ത് ആധുനിക സൗകര്യങ്ങളോട് കൂടിയ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് ആധുനിക രീതിയിൽ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ നിലവിലുള്ള കെട്ടിടം 35 ലക്ഷം രൂപ വകയിരുത്തി നവീകരിക്കുന്നതാണ്.
വിവരസാങ്കേതികവിദ്യ ലോകത്തെ മാറ്റിമറിച്ചുകൊണ്ടിരിക്കുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നത്. അറിവിന്റെ സങ്കേതങ്ങൾ ഒന്നോ രണ്ടോ മൊബൈൽ ക്ലിക്കിലൂടെ ലഭ്യമാകുന്ന കാലമാണിത്. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ 3 വായനശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് കഴിഞ്ഞവർഷം തുക വകയിരുത്തി. ഈ വർഷം യോഗ്യത നേടുന്ന ക്ലബുകളെ കണ്ടെത്തി വിവര സാങ്കേതിക വിദ്യാ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ആവശ്യമായ തുക ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

കായിക വികസനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കാനുള്ള ബ്ലോക്ക് പഞ്ചായത്തി ന്റെ പദ്ധതി ഒന്നാം ഘട്ടം വിജയകരമായി പൂർത്തിയായി. എടവക ഗ്രാമ പഞ്ചായത്തിൽ കല്ലോടി കാപ്പുംകുന്നിൽ സൗജന്യമായി ലഭിച്ച സ്ഥലത്ത് മിനി ഇൻഡോർ സ്റ്റേഡിയം സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട് .

സംസ്ഥാനത്ത് നടപ്പിലാക്കുന്ന ജല ബഡ് ജറ്റ് പദ്ധതിയുടെ ഭാഗമായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് തെരഞ്ഞെടുക്കപ്പെട്ടു. ജല ബഡ് ജറ്റ് ജല സുരക്ഷയിലേക്കുള്ള ആദ്യ ചുവട് വെപ്പ് ഒരു പ്രദേശത്തിന്റെ ജല ലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന രേഖയാണ് ജല ബഡ് ജറ്റ്. മാർച്ച് 22 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ജല ബഡ് ജറ്റ് പ്രഖ്യാപിക്കും.

ബ്ലോക്ക് പഞ്ചായത്തിന്റെ പ്രധാന വിഭവ സമാഹരണം പ്ലാൻ ഫണ്ട്, മെയിന്റെനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളായ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, പ്രധാനമന്ത്രി ജന വികാസ് കാര്യക്രം, മറ്റ് കേന്ദ്രാവിഷ്കൃത , സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം തനത് ഫണ്ട് എന്നിവയാണ്.

2023-2024 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന് 90.28 കോടി രൂപ വരവും 90.19 കോടി രൂപ ചെലവും 8.53 ലക്ഷം രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റിന്റെ വിവിധ മേഖലകൾക്കായി നീക്കി വെക്കുന്നതിന്റെ വിശദാംശങ്ങളാണ് ഇനി പറയാൻ ശ്രമിക്കുന്നത്.

1) പാർപ്പിട മേഖല

പതിനാലാം പഞ്ചവൽസര പദ്ധതിയുടെ രണ്ടാം വർഷത്തിൽ എല്ലാവർക്കും സുരക്ഷിതവും മാന്യവുമായ ഭവനം ഉറപ്പുവരുത്തലാണ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രധാനലക്ഷ്യം. പി.എം.എ.വൈ മുഖേനയുള്ള ഭവന പദ്ധതിയാണ് ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്നത്. സുതാര്യമായി സർക്കാർ മാനദണ്ഡമനുസരിച്ച് കണ്ടെത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും മുൻഗണനാടിസ്ഥാനത്തിൽ ഭവന നിർമാണത്തിനുള്ള ധനസഹായം ലഭ്യമാക്കുന്നതാണ്.

- പി .എം .എ. വൈ ജനറൽ - 110.52 ലക്ഷം രൂപ
- പി .എം .എ. വൈ പട്ടിക വർഗ്ഗം – 274.80 ലക്ഷം രൂപ
- പി .എം .എ. വൈ പട്ടിക ജാതി – 29.40 ലക്ഷം രൂപ

ആകെ 414.72 ലക്ഷം രൂപ

2) ആരോഗ്യമേഖല

ഹെൽത്ത് ഗ്രാന്റ് മുഖേന ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച തുകയിൽ ഉൾപ്പെടുത്തി പൊരുന്നന്നൂർ സി.എച്ച്.സി യിൽ ആധുനിക സൗകര്യത്തോടുകൂടി ലാബ് ടെസ്റ്റ് യൂണിറ്റ് നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഊന്നൽ നൽകുന്നു.

പേരൂ സി .എച്ച് .സി യിൽ സംസ്ഥാന 1 കോടി 39 ലക്ഷം രൂപ വകയിരുത്തി ഒ പി കെട്ടിടം നിർമ്മിക്കുന്നതോടു കൂടി ഹോസ്പ്പിറ്റലിന്റെ മുഖഛായതന്നെ മാറുകയും പ്രദേശവാസികൾക്ക് കാര്യക്ഷമമായ സേവനം ഉറപ്പ് വരുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് കഴിയും .

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ നല്ലൂർനാട് പ്രവർത്തിക്കുന്ന ജില്ലാ ക്യാൻസർ സെന്ററിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

അലോപ്പതി ചികിത്സാ മേഖലയിൽ നടപ്പു സാമ്പത്തിക വർഷം തുടക്കമിട്ട കനിവ് പദ്ധതി കൂടുതൽ മെച്ചപ്പെടുത്തി തുടരുന്നതാണ്.

- കനിവ് സഞ്ചരിക്കുന്ന ആതുരാലയം – 50 ലക്ഷം രൂപ
- പെയിൻ ഐന്റ് പാലിയേറ്റീവ് സെക്കണ്ടറി ഹോം കെയർ പ്രോഗ്രാം – 10 ലക്ഷം രൂപ
- നല്ലൂർനാട് ഡയാലിസിസ് സെന്റർ - 24 .50 ലക്ഷം രൂപ
- സായാഹ്ന ഒ.പി – 19.5 ലക്ഷം രൂപ

ആകെ 104 ലക്ഷം രൂപ

3) ക്ഷീരമേഖല

ഏറ്റവും കൂടുതൽ ജനങ്ങൾ സ്വയം തൊഴിൽ സംരംഭം എന്ന നിലക്ക് ഇടപെടുന്ന രംഗമാണ് ക്ഷീരമേഖല. അവരുടെ അധ്വാനത്തിനനുസരിച്ചുള്ള വരുമാനം പലർക്കും കിട്ടുന്നില്ല. - അവർക്കൊരു കൈത്താങ്ങായി പ്രവർത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ ക്ഷീര സഹകരണ സംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് പ്രോൽസാഹന ധനസഹായം നടപ്പാക്കും. കൂടാതെ മുൻ വർഷം തുടക്കമിട്ട മൊബൈൽ വെറ്ററിനറി ക്ലിനിക്ക് കൂടുതൽ കാര്യക്ഷമമായി അടുത്ത സാമ്പത്തിക വർഷത്തിലും തുടരും

- മൊബൈൽ വെറ്ററിനറി ക്ലിനിക് – 20.5 ലക്ഷം രൂപ
- ക്ഷീര കർഷകർക്ക് ഇൻസന്റീവ് – 60 ലക്ഷം രൂപ
- ചാണക സംസ്കരണ യൂണിറ്റ് - 15 ലക്ഷം രൂപ

ആകെ 95.5 ലക്ഷം രൂപ

4) കാർഷിക മേഖല

കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാകുന്ന വിഷമതകളുടെ ആഘാതം കുറയ്ക്കുന്നതിന് ജലസേചന സൗകര്യങ്ങൾ വർധിപ്പിക്കും. കനാൽ/ ചെക്ക്ഡാം എന്നിവ നിർമ്മിച്ച് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കും. വന്യമൃഗ ശല്യം ഏറ്റവും കൂടുതൽ രൂക്ഷമായ പ്രദേശങ്ങളിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് വന്യമൃഗ ശല്യത്തിന് ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി ഫെൻസിംങ്ങ് പ്രവർത്തികൾക്ക് തുകവകയിരുത്തിയിട്ടുണ്ട്.

നെൽകൃഷിക്കാർക്ക് കൂലി ചെലവ് കണ്ടെത്താൻ സാമ്പത്തിക സഹായം അനുവദിക്കും.

- നെൽകൃഷി കൂലി ചിലവ് സബ്സിഡി – 22 .50 ലക്ഷം രൂപ
- കനാൽ/ചെക്ക് ഡാം നിർമ്മാണം – 31.38 ലക്ഷം
- വന്യമൃഗ ശല്യപരിഹാരം (ഫെൻസിംങ്ങ്) 25 ലക്ഷം രൂപ

ആകെ – 78.88 ലക്ഷം രൂപ

5) ക്ഷേമം

എല്ലാ വിഭാഗം ജനങ്ങളുടെയും സന്തോഷമാണ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ലക്ഷ്യം വെക്കുന്നത്. ജി.ഡി.പി.യേക്കാൾ പ്രാധാന്യം ജനങ്ങളുടെസന്തോഷത്തിന്നൽകിയാലും തെറ്റില്ലെന്ന് നമ്മൾ മനസ്സിലാക്കണം.ഭിന്നശേഷിവിഭാഗത്തിൽപ്പെട്ടവരെസമൂഹത്തിന്റെ പൊതുധാരയിലെത്തിക്കാൻ ബ്ലോക്ക് പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്.

- ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – 22 ലക്ഷം രൂപ
- ഭിന്നശേഷി വിഭാഗക്കാർക്ക് ഇലക്ട്രിക്ക് വീൽചെയർ 10 ലക്ഷം രൂപ
- ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം - 95 ലക്ഷം രൂപ
- അംഗൺവാടി പൂരകപോഷകാഹാരം പരിപാടി - 15 ലക്ഷം രൂപ
- ഭിന്നശേഷി കലോൽസവം 1 ലക്ഷം രൂപ

ആകെ – 143 ലക്ഷം രൂപ

6) വിദ്യാഭ്യാസം

വിദ്യഭ്യാസ സ്ഥാപനങ്ങളൊന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നില്ല. അതു കൊണ്ട് സ്ഥാപന ശാക്തീകരണ പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുന്നില്ല പകരം ഉന്നത വിദ്യാഭ്യാസം നേടാൻ ആഗ്രഹിക്കുന്ന പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികൾക്ക് താഴെ കാണിക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കും.കൂടാതെ തുടർ സാക്ഷരത പ്രവർത്തനങ്ങളും കാര്യക്ഷമമായി നടപ്പാക്കും.

- വിദ്യാവാഹിനി പദ്ധതി 60 ലക്ഷം രൂപ
- പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി – 14 ലക്ഷം രൂപ
- ചെമ്പക മൂല വികസന വിദ്യാകേന്ദ്രം കെട്ടിടം - 26 ലക്ഷം രൂപ
- സാക്ഷരത പ്രവർത്തനങ്ങൾ - 3 ലക്ഷം രൂപ

ആകെ – 103 ലക്ഷം രൂപ

7) വനിതാ ക്ഷേമം

സ്ത്രീകളുടെ സാമൂഹ്യ പദവി ഉയരണമെങ്കിൽ അവർക്ക് സ്വന്തമായി വരുമാനമുണ്ടാകുന്ന തൊഴിൽ ലഭ്യമാക്കണം. ഇതിനായി വനിതാ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ തയ്യാറായി വരുന്ന സ്വയം സഹായ സംഘങ്ങൾക്ക് ഗ്രാൻറ് അനുവദിക്കും. വിദൂരസ്ഥലത്ത് നിന്ന് പല ആവശ്യങ്ങൾക്കായി ഇവിടേക്ക് വരുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസമൊരുക്കാൻ നിർമ്മിക്കുന്ന ഷീ ലോഡ്ജ് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം 2023 ഏപ്രിൽ മദ്ധ്യത്തോടുകൂടി നടത്താൻ കഴിയും . കൂടാതെ ഈ വർഷത്തെ ബജറ്റിൽ വനിതാ ഫിറ്റ്നസ് സെന്ററിന് 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- വനിതാ സമുച്ചയം - 30 ലക്ഷം രൂപ
- വനിതാ ഫിറ്റ്നസ് സെന്റർ - 30 ലക്ഷം രൂപ
- വനിതാ സ്വയം തൊഴിൽ സംരംഭം 10 ലക്ഷം രൂപ

ആകെ – 70 ലക്ഷം രൂപ

8) പശ്ചാത്തല വികസനം

കേന്ദ്രാവിഷ്കൃത പദ്ധതിയായ PMJVK പദ്ധതിയിൽ 5 കോടി രൂപ അടുത്ത സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നുണ്ട്. ഇതിനു പുറമെ ,MLA മാരുടെ പ്രാദേശിക ആസ്തി വികസന പദ്ധതികൾ, പ്രകൃതിക്ഷോഭ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ,കോർപ്പസ് ഫണ്ട് എന്നീ പദ്ധതികൾ മുഖേന 2 കോടി രൂപയും പ്രതീക്ഷിക്കുന്നു.

- പ്രൈം മിനിസ്റ്റേഴ്സ് ജനവികാസ് കാര്യ ക്രം - 5 കോടി രൂപ
- എം.എൽ.എ ഫണ്ട്/പ്രകൃതി ക്ഷോഭ പുനരുദ്ധാരണ പ്രവർത്തനങ്ങൾ- 2 കോടി രൂപ
- പട്ടിക വർഗ്ഗ കോളനികളിൽ നടപ്പാത അടിസ്ഥാനവികസനം - 1 .27 കോടി രൂപ
- പട്ടിക ജാതി കോളനികളിൽ നടപ്പാത അടിസ്ഥാനവികസനം - 12.77 ലക്ഷം

ആകെ- 8.40 കോടി രൂപ

9) കുടിവെള്ളം, ശുചിത്വം

ജലജീവൻ മിഷൻ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിനാൽ കുടിവെള്ള പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് കൂടുതൽ ഊന്നൽ നൽകിയിട്ടില്ല. എന്നിരുന്നാലും കുടിവെള്ള പ്രശ്നം പരിഹരിക്കാൻ 7 കുടിവെള്ള പദ്ധതിക്കായി 57.58 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്.

- കുടിവെള്ളം ശുചിത്വം പരിപാടി – 57.58 ലക്ഷം രൂപ

10) തൊഴിൽ മേഖല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വരും വർഷത്തിൽ 1252715 കോടി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ ആസ്തി വികസനത്തിന്റെ ഭാഗമായി തൊഴുത്ത്/ആട്ടിൻകൂട് എന്നിവ നിർമ്മിക്കുനനതിന് 25.97 കോടി രൂപയും, 38.95 കോടി രൂപ അൺസ്കിൽഡ് വേതനം നൽകുന്നതിനും മാറ്റിവെയ്ക്കുന്നതാണ് .റോഡ് നവീകരണം, കുളം നിർമ്മാണം, അങ്കൺവാടികളുടെ നിർമ്മാണം എന്നിവയും ഈ പദ്ധതിയിൽ ലക്ഷ്യം വെക്കുന്നു.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് അവർക്ക് സ്വയം തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് സഹായം ലഭ്യമാക്കും. വിവിധ തൊഴിലുകളിൽ വിദഗ്ധ പരിശീലനം നേടി മികച്ച രീതിയിൽ തൊഴിൽ ചെയ്യാൻ അവരെ പ്രാപ്തരാക്കും. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ബി.പി.എൽ കുടുംബങ്ങളിലെ യുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനത്തിന് അസാപ്പിന്റെ സഹകരണം തേടുന്നതാണ്.

11) <u>കായികം, സംസ്കാരം</u>

ജാതിഭേദം, മതദ്വേഷം ഏതുമില്ലാതെ സർവരും സാഹോദര്യത്തോടെ ജീവിക്കുന്ന ഗ്രാമങ്ങളായിരിക്കണം നമുക്ക് രൂപപ്പെടുത്തേണ്ടത്. മികച്ച കായിക ശേഷിയും, ഉന്നത സംസ്കാര ബോധവുമുള്ള തലമുറയെ വാർത്തെടുക്കാനുള്ള ബോധപൂർവ്വമായ ഇടപെടലുകൾ ഉണ്ടാകണം.ഇതിനായി കായിക ,സാംസ്കാരിക മേഖലകളിൽ ഓരോ നൂതന പദ്ധതികൾ ആരംഭിക്കും . എടവക പഞ്ചായത്തിൽ കല്ലോടി കാപ്പുംകുന്നിൽ ബ്ലോക്ക് പഞ്ചായത്തിന് സൗജന്യമായി ലഭിച്ച 4 ഏക്കർ സ്ഥലത്ത് ആധുനിക രീതിയിലുള്ള സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി.

- കാപ്പുംകുന്ന് കോളനി മിനി ഇൻഡോർ സ്റ്റേഡിയം നിർമ്മാണം – **20 ലക്ഷം രൂപ**

<u>a) സംസ്കാരം</u>

പഴശ്ശി സാംസ്ക്കാരിക നിലയം പൂർത്തീകരണം - **18.77 ലക്ഷം**

1) ബ്ലോക്ക് പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ടായിരുന്ന പ്രശസ്ത ഗദ്ദിക കലാകാരൻ ശ്രീ. പി.കെ.കാളേട്ടന്റെ സ്മൃതിദിനം സമുചിതമായി ആചരിക്കും.
2) വായനശാലകളെ വിവര സാങ്കേതിക വിദ്യയിലൂടെ ബന്ധിപ്പിച്ച് ഡിജിറ്റൽ ലൈബ്രറി സംവിധാനം ഒരുക്കും. അടുത്ത സാമ്പത്തിക വർഷത്തിൽ ഒരു പഞ്ചായത്തിലെ 3 ലൈബ്രറികൾ വീതം ഇതിനായി തെരഞ്ഞെടുക്കും.

ഉപസംഹാരം

പാർപ്പിടം, കൃഷി , ആരോഗ്യം , സാംസ്കാരികം , വിദ്യാഭാസം , വയോജനങ്ങളുടെയും ഭിന്നശേഷിയുള്ള വരുടെയും ക്ഷേമം, വനിതാ ക്ഷേമം തൊഴിൽ പരിശീലനം തുടങ്ങി എല്ലാ മേഖലകളെയും പരിഗണിച്ചുകൊണ്ടുള്ള ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. സ്നേഹതീരം, വനിതകൾക്ക് താമസ സൗകര്യമൊരുക്കൽ എന്ന പദ്ധതി വൈകാതെ ഉദ്ഘാടനം ചെയ്ത്പ്രവർത്തനം ആരംഭിക്കുന്നതാണ് .ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ കെട്ടിട നിർമ്മാണം, മൊബൈൽ വെറ്റിനറി യൂണിറ്റ് , കാപ്പുംക്കുന്ന് മിനി ഇൻഡോർ സേറ്റഡിയം , ഭിന്നശേഷി വിഭാഗക്കാർക്ക് ഇലക്ട്രിക്ക് വീൽചെയർ എന്നീ പദ്ധതികൾ ഈ വർഷത്തെ എടുത്ത് പറയേണ്ടവയാണ്. വികസനത്തിന്റെ വഴിയിൽ എനിക്ക് ഒപ്പം നിന്ന ഭരണസമതി അംഗങ്ങൾക്ക് ദേശത്തിന്റെ സ്വപ്നങ്ങളെ ഞങ്ങളിലേക്ക് സന്നിവേശിപ്പിച്ച പൊതുപ്രവർത്തകർക്ക് സാധ്യതകൾ തൊട്ടുകാണിച്ച പ്രവർത്തക സമിതി അംഗങ്ങൾക്ക്, സാക്ഷാൽക്കാരത്തിന്റെ ചാലക ശക്തികളായ ഉദ്യോഗസ്ഥർക്ക് , ജനാധിപത്യത്തിന്റെ ചാലക ശക്തികളായ മാധ്യമ പ്രവർത്തകർക്ക്.

നന്ദി നന്ദി നന്ദി

ലഭ്യമായ വിഹിതത്തി ന്റെ പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് തയ്യാറാക്കിയിട്ടുള്ള ഈ ബഡ് ജറ്റ് നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

എ . കെ ജയഭാരതി
വൈസ് പ്രസിഡന്റ്
ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ.

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ബഡ് ജറ്റ് 2023-2024	
മുൻ നീക്കിയിരിപ്പ്	17,13,521
വരവുകൾ	90,11,17,541
ആകെ വരവുകൾ(OB +Receipts)	90,28,31,062
ആകെ ചെലവുകൾ	90,19,77,541
നീക്കിയിരിപ്പ്	8,53,521

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്
ബഡ്ജറ്റ് 2023-24
വിഭവ സമാഹരണം

പ്ലാൻ നോൺ പ്ലാൻ ഇനങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും 2023-24 വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ

1	പ്രാരംഭ ബാക്കി		17,13,521
2	നികുതിയിതര വരുമാനം		21,40,000
	സ്ഥലം/കെട്ടിട വാടക	4,50,000	
	പലിശയിനത്തിലുള്ള വരവ്	15,50,000	
	മറ്റുവരുമാനങ്ങൾ	1,40,000	
3	ജനറൽ പർപ്പസ് ഫണ്ട്		70,69,000
4	വികസന ഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉൾപ്പെടെ)		
	വികസന ഫണ്ട് (ജനറൽ)	4,63,63,000	10,76,87,600
	വികസന ഫണ്ട് (എസ്.സി.പി)	41,87,000	
	വികസന ഫണ്ട് (ടി.എസ്.പി)	3,41,06,000	
	വികസന ഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്)	2,30,31,600	
5	മെയിന്റൻസ് ഫണ്ട് (നോൺ റോഡ്)		**1,07,96,000**
6	കേന്ദ്രാവിഷ്കൃത പദ്ധതികൾ		
	മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	58,26,73,241	**62,91,45,241**
	പ്രധാന മന്ത്രി ആവാസ് യോജന	4,14,72,000	
	പ്രധാന മന്ത്രി ജൻവികാസ് കാര്യക്രം	50,00,000	
7	ഗ്രാമപഞ്ചായത്ത് വിഹിതം		2,43,54,000
8	ജില്ലാ പഞ്ചായത്ത് വിഹിതം		3,18,85,700
9	സംസ്ഥാനാവിഷ്കൃത പദ്ധതികൾ		2,80,40,000
10	ബാങ്ക് വായ്പ്പ		6,00,00,000
	ആകെ വരവുകൾ (പ്രാരംഭബാക്കിയുൾപ്പെടെ)		**902831062**

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്
ബഡ്ജറ്റ് 2023-2024
വിഭവ വിനിയോഗം

1	റവന്യു ചെലവുകൾ-അനിവാര്യ ചുമതലകൾക്ക്		70,69,000
2	പദ്ധതി ചെലവുകൾ		17,47,23,300
3	പദ്ധതി ചെലവുകൾ (തനത് ഫണ്ട്)		30,00,000
4	സെൻട്രലി സ്പോൺസേർഡ് സ്കീം		
	മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	58,26,73,241	62,91,45,241
	പ്രധാന മന്ത്രി ആവാസ് യോജന	4,14,72,000	
	പ്രധാന മന്ത്രി ജൻവികാസ് കാര്യക്രം	50,00,000	
5	സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം ഫണ്ട്, മറ്റുള്ളവ		2,80,40,000
	ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം (ബാങ്ക് ലോൺ)		6,00,00,000
			90,19,77,541